
കുട്ടിപ്പറവകൾ
DIGITAL MAGAZINE
SHMGVHSS EDAVANNA
2018-19
little KITEs

# ഉള്ളടക്കം


സ്കൂൾ ചരിത്രം

ആസ്മി ജുമാൻ.എം..............................................................6

വേനലവധി

സുന്ദരൻ.സി...............................................................7

ഗംഗൈ കൊണ്ട ഗംഗൈ കൊണ്ടചോളപുരത്തെ തകിൽ വാദകൻ

അബ്ദുള്ളക്കുട്ടി എടവണ്ണ.........................................................9

എന്റെ കാലാലയ

മോളി ടീച്ചർ................................................................14

എൻ കേരളം

ശോഭിക റാണി.പി...........................................................15

നിളയുടെ തീരത്ത്

ഫർഹ ഫാത്തിമ.എം.........................................................16

നമുക്ക് മുന്നേറാം

അപർണ.പി.................................................................17

നവകേരളം

SHAHANASHERIN.T.......................................................19

MOM

NANDITHA JYOTHI........................................................20

സിംഹവും കുഞ്ഞുങ്ങളും

നവശ്രീ.എം..................................................................21

രാക്കിളിയുടെ പാട്ടിൽ

അമില ജഫ്രിൻ.കെ..........................................................22

നവ കേരള സൃഷ്ടിക്കായ്.....................................................23

TUTU 'S  BRAVERY..................................................................24

കുഞ്ഞിപ്പൂച്ച

സ്നേഹ.പി.എസ്..................................................................25

പൂച്ചയും എലിയും

നന്ദിത ജ്യോതി.കെ..................................................................26

Tom at his Garden

Shana Mehar..................................................................27

താരങ്ങൾ

സ്നേഹ.പി.എസ്..................................................................28

രാപ്പാടിയെ രക്ഷിച്ച തേന്മാവിന് രാപ്പാടിയുടെ രക്ഷ

അമില ജഫ്രിൻ.കെ..................................................................29

അമ്പിളിമാമൻ

സ്നേഹ.പി.എസ്..................................................................31

നിരാലംബനായ ആന

നീരജ്ജ കൃഷ്ണ.കെ..................................................................32

കുരങ്ങച്ചൻ

സ്നേഹ.പി.എസ്..................................................................33

Quotes..................................................................34

A Farmer and his Sons

Ayisha Hanan.V..................................................................35

പ്രളയം

നൂപുര.പി..................................................................36

ഇനി എന്നാണ് ഇങ്ങോട്ട് ?..................................................................37

നാടിന്റെ ഓർമ്മ

ജുമാന.പി..................................................................38

കൈ കൊർത്ത് കേരളം........................................39

മഞ്ഞയുടുപ്പ്

സ്നേഹ.പി.എസ്........................................40

അച്ഛനില്ലാതെ എൻ കേരളം

സ്വാലിഹ്. സി എസ്........................................41

ചിറകു വിടർത്തിയ സ്വപ്നങ്ങൾ

സ്നേഹ പി.എസ്........................................42

എജ്യുക്കേഷനൽ പോർട്ടലുകളുടെ കാലം........................................43

പുതുജന്മം........................................44

SHMGVHSS EDAVANNA Brief History of School........................................45

കേരളം

റസ്ന വി.പി........................................46

പ്രളയം കഴിഞ്ഞ വഴികൾ........................................47

**ചീഫ് എഡിറ്റർ**

**റുഖിയ.പി.പി (ഹെഡ്മിസ്ട്രസ്സ്)**

**സ്റ്റാഫ് എഡിറ്റർ**

**അബ്ദുള്ളക്കുട്ടി.പി**

**സ്റ്റുഡന്റ് എഡിറ്റർ**

**മുഹമ്മദ് സ്വാലിഹ്**

**അംഗങ്ങൾ**

**അബ്ദുദുൽ അമീർ എ**

**സീന കെ. ടി**

**ഷാഹിൻ**

**സിനാൻ**

**റിബിൻ**

**റാസിൻ**

**ഷന**

# സ്കൂൾ ചരിത്രം

**ആസ്മി ജുമാൻ.എം**

പ്രിയമുള്ള കൂട്ടുക്കാരേ,

നാം പഠിച്ചുകൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിന് വലിയൊരു ചരിത്രമുണ്ട്. നമ്മിൽ എത്ര പേർക്ക് അതറിയാം?ചവിട്ടിനിൽക്കുന്ന മണ്ണിനെക്കുറിച്ചും ചുറ്റുപാടിനെക്കുറിച്ചും നാം അറിയേണ്ടതുണ്ട്.അത് മഹത്തായ അറിവാണ്.

സീതിഹാജി സ്മാരക ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ എന്നറിയപ്പെടുന്ന വിദ്യാലയം 1910 ൽ ഒരു എൽപി സ്കൂൾ ആയിട്ടാണ് തുടങ്ങുന്നത്. ടിപ്പു സുൽത്താൻ റോഡിന് താഴെ പഴയ കാരപ്പറമ്പ് എന്നറിയപ്പെട്ട ,ഇന്നത്തെ വണ്ടൂർ റോഡിന് ചേർന്നുള്ള സ്ഥലത്ത് ആരംഭിച്ച ഈ വിദ്യാലയം അന്നത്തെ ഈ പ്രദേശത്തെ ജനതയുടെ പ്രാഥമിക വിദ്യാഭ്യാസം ആർജിക്കാനുള്ള ഏക ആശ്രയമായിരുന്നു.1956 ൽ വിദ്യാലയം യുപി സ്കൂളായി ഉയർത്തപ്പെട്ടു.ഏഴാം ക്ലാസ് വരെ മാത്രമുള്ള ഈ വിദ്യാലയത്തിലെ പഠനത്തോടെ വിദ്യാഭ്യാസം അവസാനിപ്പിക്കുന്ന സാഹചര്യമായിരുന്നു ആദ്യകാലത്ത് ഉണ്ടായിരുന്നത്.ഏഴു കഴിഞ്ഞ് പഠിക്കാൻ താൽപര്യമുള്ളവർക്ക് IOHS മാത്രമേ ഉണ്ടായിരുന്നൊള്ളൂ. അവിടെ മലയാളമില്ലാത്തതുകൊണ്ട് മലയാളം പഠിക്കാൻ താൽപര്യമുള്ള കുട്ടികൾ തിരുവാലിയിൽ പോകേണ്ട സാഹചര്യമാണുണ്ടായിരുന്നത്.തിരുവാലിയിലേക്ക് ബസ്സ് സൗകര്യമില്ലാത്തതുകൊണ്ട് അഞ്ചാറു കിലോമീറ്റർ കാൽനടയായിട്ടാണ് അന്നത്തെ കുട്ടികൾ പോയിരുന്നത്.ഈ സാഹചര്യത്തിലാണ് നമ്മുടെ സ്കൂൾ ഹൈസ്കൂളായി ഉയർത്തണമെന്ന ചിന്ത ശക്തിപ്പെടുന്നത്.അന്ന് എടവണ്ണ സ്വദേശിയും MLA യുമായിരുന്ന സീതിഹാജിയുടെ ശ്രമഫലമായി 1979 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു.ആദ്യം എട്ട്,ഒമ്പത് ക്ലാസുകളാണ്

ആരംഭിച്ചത്.ഹൈസ്കൂൾ വന്നപ്പോൾ 1 മുതൽ 4 വരെയുള്ള ക്ലാസുകൾ വിഭജിച്ച് പ്രത്യേകം എൽപി സ്കൂളായി നിലനിർത്തി.1981 മാർച്ചിൽ ആണ് ആദ്യ SSLC ബാച്ച് പുറത്തിറങ്ങുന്നത്. സി.എം അബ്ദുൽ മജീദ്ഖാൻ മാസ്റ്ററായിരുന്നു ആദ്യ ഹെഡ്മാസ്റ്റർ.32 വർഷം ഈ സ്കൂളിൽ സേവനമനുഷ്ഠിച്ച പത്മനാഭൻ മാസ്റ്റർ എൽപി സ്കൂൾ ഹെഡ്മാസ്റ്ററുമായി.സീതിഹാജിയുടെ നിര്യാണത്തിന് ശേഷം സ്കൂളിന് അദ്ദേഹത്തിന്റെ സ്മാരകമായി നാമകരണം ചെയ്യപ്പെട്ടു.

ഓരോ കാലത്തുമുള്ള രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളും നാട്ടുക്കാരും സർക്കാരും എല്ലാം ചേർന്നാണ് ഈ വിദ്യാലയത്തെ വളർത്തിക്കൊണ്ടുവന്നത്.പിൽക്കാലത്ത് 1993 ൽ വൊക്കേഷണൽ ഹയർസെക്കണ്ടറിയും 2003 ൽ ഹയർസെക്കണ്ടറിയും തുടങ്ങിയതോടെ ബൃഹത്തായ ഒരു വിദ്യാഭ്യാസസ്ഥാപനമായി നമ്മുടെ വിദ്യാലയം മാറി.ഇന്ന് നമ്മുടെ പ്രദേശത്തെ ജനസമൂഹത്തിന്റെ ആശാ കേന്ദ്രമായി പരിണമിച്ച ഈ സ്ഥാപനത്തെ നിലവാരമുള്ള, ഗുണമേന്മയുള്ള വിജ്ഞാന കേന്ദ്രമായി മാറ്റാൻ നാം ഓരോരുത്തരും പരിശ്രമിക്കണം. പ്രിയമുള്ളവരേ, നമ്മുടെ വിദ്യാലയത്തിന് ശോഭനമായ ഭാവി ചരിത്രം കുറിക്കാൻ നമ്മുടെ തലമുറ സന്നദ്ധമാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ചെറു അവതരണം അവസാനിപ്പിക്കുന്നു.

നന്ദി,നമസ്കാരം

# മുൻമൊഴി



എല്ലാ രാജ്യത്തും വിദ്യാഭ്യാസം കാലോചിതമായി പരിഷ്കരിക്കപ്പെടുന്നു.ഓരോ കാലത്തിനും അനുയോജ്യമായ ഉദ്ദേശ ലക്ഷ്യങ്ങളോടെ വിദ്യാഭ്യാസം പരിവർത്തനം ചെയ്യപ്പെടുമ്പോൾ അത് വിദ്യാലയങ്ങളുടെ മുഖം അടിമുടി മാറ്റുന്നു.കേരളത്തിൽ വിദ്യാലയങ്ങൾ മാറ്റത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ പുതിയ മുഖവും ഭാവവും  പകർന്നു നൽകുകയാണ് ഡിജിറ്റൽ മാഗസിനുകൾ.വിവര സാങ്കേതിക വിദ്യ ലോകത്തെയാകെ മാറ്റുമ്പോൾ നമ്മുടെ കുട്ടികളെയും അത് സ്വാധീനിക്കുന്നുണ്ട്.ഈ സാങ്കേതിക വിദ്യയെ സർഗ്ഗാത്മക ആവിഷ്കാരങ്ങളുടെ സംവിധാനമാക്കി മാറ്റുകയാണ് ഡിജിറ്റൽ മാഗസിൻ.ഗുട്ടൻബർഗ് യുഗത്തിൽ നിന്ന് പുതിയ ഡിജിറ്റൽ യുഗത്തിലേക്കുള്ള മാറ്റത്തിന്റെ വഴിയിൽ കുട്ടികൾക്ക് പുതിയ അവസരങ്ങൾ തുറന്നു നൽകുന്നു ഈ മാഗസിൻ.ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ മനസ്സിലാക്കാനും സർഗാത്മക പ്രതിഭ വളർത്താനും ആശയ വിനിമയത്തിനും ലക്ഷ്യമിട്ട് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ വായനക്കാർക്ക് മുമ്പാകെ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

പത്രാധിപ സമിതി

# സന്ദേശം



***HEADMISTRESS***

ഗുണ നിലവാരമുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ബൃഹത് പദ്ധതിയുടെ അടിസ്ഥാന ശിലയാണ് ഡിജിറ്റൽ ക്ലാസ് റൂമുകൾ.ഇപ്പോൾ ഏതാണ്ട് എല്ലാ ഗവൺമെന്റ്,എയ്ഡഡ് സ്കൂളുകളിലും ക്ലാസുകളെല്ലാം ഡിജിറ്റലായി കഴിഞ്ഞു.

കേൾവിയിലൂടെ മാത്രം സ്വായത്തമാക്കാൻ കഴിയാത്ത പല അറിവുകളും ഡിജിറ്റൽ സംവിധാനത്തിലൂടെ കുട്ടികൾക്ക് ഗ്രഹിക്കാനും ഉൾക്കൊള്ളാനുമാവും.

എന്നാൽ ഈ സംവിധാനത്തിന്റെ നിയന്ത്രണവും ഉപയോഗവും കുട്ടികളെക്കൂടി പരിശീലിപ്പിച്ചാൽ മാത്രമേ അതിനെ സുരക്ഷിതമായ ഉപയോഗത്തിന് സാധ്യമാവൂ എന്ന തിരിച്ചറിവിൽ നിന്നാണ് കുട്ടികളിൽ നിന്നും താൽപര്യവും കഴിവുമുള്ളവരെ തിരഞ്ഞെടുത്ത് കുട്ടിക്കൂട്ടം എന്ന പേരിൽ പ്രവർത്തന സജ്ജരായ ഒരു കൂട്ടം കുട്ടികളെ തയ്യാറാക്കിയത്.പിന്നീട് ഈ കുട്ടികളെ ലിറ്റിൽ കൈറ്റ്സ് എന്ന് പുനർനാമകരണം ചെയ്യുകയും നിരന്തരം ട്രെയ്നിംഗ് നൽകി സജ്ജരായ ഒരു ഗ്രൂപ്പാക്കി മാറ്റുകയും ചെയ്തു.

ഈ കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് "DIGI DIGEST" . വിഭവസമൃദ്ധമായ ഈ മാഗസിൻ തയ്യാക്കിയ കുട്ടികളെ സഹായിച്ച കൈറ്റ് മാസ്റ്റർ അമീർ മാഷിനും കൈറ്റ് മിസ്ട്രസ് സീന ടീച്ചർക്കും അഭിനന്ദങ്ങൾ അറിയിക്കുന്നു. DIGI DIGEST സ്കൂളിന്റെ മുന്നോട്ടുള്ള ഗമനത്തിൽ പ്രകാശകിരണമാവട്ടെ എന്നാശംസിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്



**അബ്ദുൽ അമീർ എ (കൈറ്റ് മാസ്റ്റർ)**

അറിവിന്റെ നിർമാണത്തിലും വിനിമയത്തിലും അധ്യാപകന്റെയും വിദ്യാത്ഥിയുടെയും സജീവമായ പങ്കാളിത്തത്തിന് വിവരവിനിമയ സങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയപങ്കവഹിക്കാനുണ്ടെന്ന ബോധ്യത്തിൽനിന്നാണ് പ്രസ്തുത സങ്കേതകൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്താനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കപ്പെട്ടത്.

*എടവണ്ണ സീതിഹാജി സ്മാരക ഗവ.ഹയർസെക്കന്ററി സ്കൂളിൽ ആദ്യ ഘട്ടത്തിൽ തന്നെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് രൂപീകരിക്കുകയും സജീവമായി പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഒരു പ്രധാന പ്രവർത്തനമെന്ന നിലയിൽ ഒരോ വർഷവും ഒരു സ്കൂൾ മാഗസിൻ പുറത്തിറക്കേണ്ടതുണ്ട്.കുട്ടികളുടെയും അധ്യാപകരുടെയും സൃഷ്ടികൾ ഉൾപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിലും സങ്കേതിക സഹായത്തിലും ആണ് ഈ മാഗസിൻ തയ്യാറാക്കിയിട്ടുള്ളത്.ഇതിലെ മികവുകളെ അംഗീകരിക്കുകയും പ്രോത്സാഹിക്കുകയും ചെയ്യണമെന്ന് അപേക്ഷയോടെ നിങ്ങൾക്കായി സമർപ്പിക്കുന്നു.*



# വേനലവധി





**സുന്ദരൻ . സി**

ജീവിതത്തിൽ ഓരോ വ്യക്തിക്കും അവരുടെ കുട്ടിക്കാലത്ത് കണ്ട കാഴ്ചകളും കേട്ട കഥകളും ശീലിച്ച ശീലങ്ങളും ഒരോർമ്മയായി മനസ്സിൽ മായാതെ തിങ്ങിനിൽക്കും. അങ്ങനെ അപ്പുവിനും പറയാനുണ്ട് ഒരുപാട് ഓർമ്മകൾ. നാലാം ക്ലാസ്സ് തൊട്ടെ വേനലവധിക്ക് ഞാനും സഹോദരങ്ങളും അമ്മയുടെ കൂടെ അമ്മയുടെ തറവാട്ടിലേക്ക് പോവുന്നത് പതിവായിരുന്നു. അമരമ്പലം പഞ്ചായത്തിന്റെയും വണ്ടൂർ പഞ്ചായത്തിന്റെയും അതിർത്തിയായ വെള്ളാമ്പ്രത്തെ മഞ്ഞളാംമൂച്ചി എന്ന ഒരു കൊച്ചു ഗ്രാമം. പ്രകൃതിയെ ചൂഷണം ചെയ്യാത്ത വികസന രഹിതമായ ആ ഗ്രമത്തിലെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. പറയത്തക്ക സമ്പന്നർ ഒന്നും ഇല്ല. സാമന്യം ഭേദപ്പെട്ട സമ്പന്നതറവാടികളായിരുന്നു മഞ്ഞളാംമൂച്ചി തറവാട്. ഈ തറവാടിന്റെ പേരാണ് പിന്നീട് ഗ്രമത്തിന് ഇട്ടത്. അമ്മയുടെ സഹോദരങ്ങൾ അവിടെ ജോലിക്ക് നിന്നിരുന്നു. അവിടേക്കെപ്പൊപ്പോയാലും വയറുനിറയും. ആ വീടും പരിസരവും ശാന്തമായിരുന്നു. അവിടുത്തെ കുടുംബക്ഷേത്രത്തിൽ വെച്ചായിരുന്നു അനിയന് പേരിട്ടത്. പക്ഷെ ഇത് വായിക്കാൻ അവനില്ല. അവൻ മുകളീന്ന് കാണിന്നുണ്ടാകും.

വിശാലമായ മുറ്റം, വലിയ വരാന്ത, കാവി തേച്ച നിലം ഇതൊക്കെയാണ് രണ്ടു നില ഓടിട്ട റവാടിന്റെ വിശേഷണങ്ങൾ. പിന്നാമ്പുറത്ത് തണലേകാൻ വൃക്ഷങ്ങൾ. പടുകൂറ്റൻ തേക്കും, മാവും, മഹാഗണിയും, ഫലവൃക്ഷങ്ങളും നിറഞ്ഞു നിൽക്കുന്നു. കൂടാതെ തെങ്ങും കവുങ്ങും

അതിനിടയിൽ എത്തിനോക്കുന്നു. അതിനെ സുന്ദരിയാക്കി ഇലഞ്ഞിപ്പൂവും. വേലിയായി മഞ്ഞ കോളാമ്പിയും. ക്രിസ്തുമസ് അവധിക്ക് മരങ്ങളെല്ലാം പൂക്കും. പൂന്തോട്ടത്തിൽ പൂന്തേൻ നുകരുന്ന പൂമ്പാറ്റ എന്ന പോൽ ഞാനത് നോക്കിനിൽക്കും .

വേലിയിൽ പൂമാല ചാർത്തി മഞ്ഞ കോളാമ്പിയും പൂവിട്ടു നിൽക്കാറുണ്ട്.

വീണ്ടും കിടക്കുന്ന പൂവുകളിലും പാളകളിലും മഞ്ഞ് കണങ്ങൾ നിറഞ്ഞുനിൽക്കുമ്പോൾ കിഴക്കേ മാനത്തെ വെട്ടമേറ്റ് തിളങ്ങാറുണ്ട്. വീടിന്റെ പടിഞ്ഞാറേ ഭാഗത്ത് കടലെന്നോണം നീണ്ടുനിവർന്ന് കിടക്കുന്ന നെൽപ്പാടത്ത് ജോലി ചെയ്യുന്ന എന്റെ അമ്മയുടെ സഹോദരങ്ങളെ ഞാൻ നോക്കി നിൽക്കാറുണ്ട്. നിലമുഴുന്നത് മുതൽ നെല്ല് ശേഖരിച്ച് വൈക്കോൽ കൂന വക്കുന്നതു വരെ അവരായിരുന്നു ചെയ്തിരുന്നത്. ഞാനും അവരെ സഹായിക്കാറുണ്ട്. ആ പാടത്തിനപ്പുറം ഒരു ആമ്പൽക്കുളമുണ്ടായിരുന്നു. വിരിഞ്ഞു നിൽക്കുന്ന ആമ്പൽ പൂവുകൾക്കിടയിപൂടെ താറാവുകൾ നീന്തി തിമർക്കുന്നതും അവരെ എത്തി നോക്കി ചിരിക്കുന്ന പരലുകളെ കാണാനും നല്ല രസമായിരുന്നു.

എനിക്കവിടെ കുമാരേട്ടനെയും ചന്ദ്രേട്ടനെയും രാധച്ചേച്ചിയെയും ഇപ്പോൾ ഓർമ്മയുള്ളൂ. അതിൽ കുമാരേട്ടൻ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഒരു നീണ്ട ഇടവേളക്കു ശേഷം ഞാൻ അവിടെ ചെന്നപ്പോൾ കണ്ട കാഴ്ചകൾ ദാരുണമായിരു- ന്നു. വികസനമില്ലായിരുന്ന ആ നാട്ടിൽ ആർത്തിയുള്ള കാട്ടുമൃഗത്തിന്റെ സ്പർശനമേറ്റിരുന്നു. വയലുകൾ നികത്തി, ഇരയാകുന്ന സ്വത്തിനെ ഭാഗിച്ചെടുത്ത് തിന്നു കഴിഞ്ഞിരുന്നു. പാടത്തിനു പകരം റബ്ബറുകൾ തിങ്ങിക്കൂടിയിരിക്കുന്നു. കോളാമ്പിയും ഇലഞ്ഞിയും എവിടെ? ഇത്തരം ചില ഓർമ്മകൾ, കാഴ്ച്ചകൾ എന്റെ മനസ്സിൽ മായാതെ കിടപ്പുണ്ട്. എന്റെ ഈ ഓർമ്മകൾ എന്റെ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടിണ്ട്. ഓരമ്മകൾ നമ്മുടെ ജീവിതത്തിന്റെ അധ്യാപകരാണ്. നിങ്ങൾക്കും അത്തരം നല്ല അധ്യാപകരെ കിട്ടട്ടെ എന്ന് ആശംസിക്കുന്നു.

# ഗംഗൈ കൊണ്ടചോളപുരത്തെ തകിൽ വാദകൻ

**അബ്ദുള്ളക്കുട്ടി എടവണ്ണ**



ഒരു ഗ്രാമം മുഴുവൻ പരന്നു കിടക്കുന്ന ക്ഷേത്രം.പാതയോരത്തെ പുളിമരച്ചോട്ടിൽ രണ്ടു മൂന്നു പേർ ഇരിക്കുന്നതൊഴിച്ചാൽ പരിസരത്തെങ്ങും ആരും തന്നെയില്ല.

പേരും പെരുമയുമുള്ള ക്ഷേത്രമായിട്ടും ഭക്തജനങ്ങളോ സന്ദർശകരോ ആരും തന്നെയില്ലെന്നോ?

ചോള രാജാവായ രാജേന്ദ്രചോളൻ തന്റെ ഐതിഹാസിക വിജയത്തിന്റെ ഓർമ്മയ്ക്കായി പടുത്തുയർത്തിയ മഹാനഗരമായിരുന്നു ഇതെന്ന് ചരിത്രത്താളുകളിൽ കാണാം.രണ്ട് നൂറ്റാണ്ട് കാലം ചോള രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ഈ നഗരം എ ഡി 1018 ൽ പാണ്ഡ്യൻമാരെ നിശ്ശേഷം പരാജയപ്പെടുത്തിയതിന്റെ അടയാളമായി പടുത്തുയർത്തിയതാണ്.അരിയലൂർ ജില്ലയിലെ ഗംഗൈ കൊണ്ടചോളപുരം ഇന്ന് രാജാവും പടയാളികളും ഉപേക്ഷിച്ചു പോയ ഒരു കോട്ട പോലെ തോന്നിച്ചു.

ദ്രാവിഡ മാതൃകയിൽ നിർമ്മിക്കപ്പെട്ട ഈ ശിവക്ഷേത്രം തഞ്ചാവൂരിലെ ബൃഹാദീശ്വര ക്ഷേത്രത്തിന്റെ അതേ ശൈലി തന്നെ . തഞ്ചാവൂരിൽ നിന്ന് 70 കി.മീറ്റർ താണ്ടി ഇവിടെയെത്തുമ്പോൾ ഇത്തിരി വലുപ്പം കുറഞ്ഞെന്നു മാത്രം!

എന്നാൽ കേരളീയ ക്ഷേത്രങ്ങൾ കണ്ടു ശീലിച്ചവർക്ക് തമിഴ്നാട്ടിലെ ക്ഷേത്രസമുച്ചയങ്ങൾ ശില്പഭംഗികൊണ്ടും വലിപ്പം കൊണ്ടും എപ്പോഴും വിസ്മയകരം തന്നെ.

വെയിലിൽ ചുട്ടുപൊള്ളി കിടക്കുന്ന കരിങ്കൽ പടവുകളിൽ ചവിട്ടി നഗ്നപാദരായി ക്ഷേത്രത്തിലേക്ക് കയറുമ്പോൾ പൊള്ളലനുഭവിക്കുന്നുണ്ടായിരുന്ന്

കരിങ്കല്ലിൽ വിരിഞ്ഞു നിൽക്കുന്ന ശില്പ വൈവിധ്യ ങ്ങളാണ് തൂണുകളിലുള്ളത്.

കാഴ്ചകളിൽ മുഴുകി അവിടെ കനത്തു കിടന്ന മൗനത്തിൽ മുങ്ങി പതിയെ നടക്കുമ്പോൾ ഞങ്ങൾക്കു പിറകെ തോളത്ത് തൂക്കിയിട്ട തകിലുമായി ധൃതിയിൽ നടന്നുവരുന്ന ഒരു ബാലന്റെ കാലൊച്ച ! പന്ത്രണ്ടോ പതിമൂന്നോ വയസ്സു കാണും.ഞങ്ങളെ കണ്ട് പതിയെ അവനൊന്ന് പുഞ്ചിരിച്ചു. കറുത്തമുഖത്തെ വെളുത്ത പുഞ്ചിരി.

ഞങ്ങളവനോട് അറിയാവുന്ന തമിഴിൽ കുശലം പറഞ്ഞു.

അവൻ ക്ഷേത്രത്തിനകത്തെ കാഴ്ചകൾ കാണിച്ചു തരാൻ വളരെ താത്പര്യം കാണിച്ചു കൊണ്ട് ഒപ്പം കൂടി. സുദർശൻ എന്നാണ് അവന്റെ പേര്. എട്ടാം ക്ലാസിൽ പഠിക്കുന്നു. കോവിലിന്റെ 'തൊട്ടടുത്തുള്ള ഗ്രാമത്തിലാണ് അവന്റെ വീട്. ക്ഷേത്രത്തിൽ തകിലു വായിക്കാറുള്ളത് താനാണെന്ന് അവൻ അഭിമാനത്തോടെ പറഞ്ഞു .അര മണിക്കൂർ നേരം ഞങ്ങൾക്കൊപ്പം ഒരു ഗൈഡിനെപ്പോലെ അവൻ ക്ഷേത്രത്തെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞു തരാൻ സമയം ചെലവഴിച്ചു.കഴിഞ്ഞ വർഷത്തെ ശിവരാത്രിയാഘോഷം വലിയ പരിപാടിയായി നടന്നത് അവൻ വിവരിച്ചു.

ഞങ്ങൾ കേരളത്തിൽ നിന്നാണെന്നറിഞ്ഞപ്പോൾ സുദർശന് താത്പര്യം കൂടിയ പോലെ .. അതോ!വല്ലപ്പോഴും വരുന്ന ഞങ്ങളെപ്പോലുള്ള സഞ്ചാരികളിൽ നിന്ന് ചില്ലറത്തുട്ടുകൾ കിട്ടുമെന്ന പ്രതീക്ഷയാകുമോ? എന്തായാലും പിരിയുമ്പോൾ എന്തെങ്കിലും കൊടുക്കാമെന്ന് കരുതി.

അതിനിടെ സുഹൃത്ത് സുൽഫി അവനോട് അവന്റെ വീടിനെക്കുറിച്ചും ഗ്രാമത്തെക്കുറിച്ചുമൊക്കെ ചോദിച്ചു. ആ ചോദ്യങ്ങൾ കേട്ടിട്ടാകണം അവന്റെ വീട്ടിലേക്ക് ഞങ്ങളെ ക്ഷണിച്ചു.

ഒരു തമിഴ് ഗ്രാമത്തിന്റെ പ്രാന്തപ്രദേശം കാണാനുള്ള അവസരമല്ലേ?ഞങ്ങൾ പോവാൻ തീർച്ചയാക്കി.

ക്ഷേത്രത്തിന്റെ പുറത്തേക്കുള്ള കവാടത്തിനടുത്തെത്തുമ്പോൾ സുദർശൻ പറഞ്ഞു .നിങ്ങൾ ആ വേപ്പിന്റെ ചോട്ടിൽ നിൽക്കു .. ഞാൻ തകിലു വായിച്ചിട്ട് വരാം..

അവന്റെ ഡ്യൂട്ടി സമയമാണ്.

ഞങ്ങൾ പുറത്തേ വെയിലിലൂടെ വേപ്പിൻ തണലിലേക്ക് നടന്നു .സുദർശൻ പിന്നാലെ ഓടി വന്നു കുറച്ചപ്പുറത്തേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു .അത് കോവിലിലെ പൂജാരിയുടെ വീടാ .. നിങ്ങൾക്ക് അവിടെ കയറി ഇരിക്കാം ..

ഞങ്ങളങ്ങോട്ടു നടന്നു. ദാഹമുണ്ട് ! ഇത്തിരി വെള്ളവും കുടിക്കണം.

ചെറിയൊരു വീടാണത്.പൂജാരി നന്നേ പ്രായം ചെന്ന മനുഷ്യൻ.പൂണൂലുണ്ട്. പഴയ നടൻ പ്രേംജിയെ ഓർമ്മിപ്പിക്കുന്ന രൂപം.

ഞങ്ങൾ കൈകൂപ്പി കൊണ്ട്  പരിചയപ്പെടുത്തി. കേറിയിരിക്കാൻ പറഞ്ഞു.കേരളത്തിൽ നിന്നാണെന്നു പറഞ്ഞപ്പോൾ തന്റെ മകൾ ചിറ്റൂരിലുണ്ടെന്ന് അദ്ദേഹം പറഞ്ഞു .

വെള്ളം കുടിച്ച് അല്പനേരമിരുന്നു. വിശേഷ ദിവസങ്ങളിൽ മാത്രമേ കോവിലിൽ ആളുകൾ വരാറുള്ളൂ എന്നു ആ വൃദ്ധൻ പറയുമ്പോൾ അയാളനുഭവിക്കുന്ന കഷ്ടപാടുകളുടെ പ്രതിധ്വനിയുണ്ട് ആ ശബ്ദത്തിൽ എന്നു തോന്നി.

ഞങ്ങൾ സുദർശന്റെ വീട്ടിൽ പോകുന്ന കാര്യം പറഞ്ഞപ്പോൾ അയാൾ പറഞ്ഞു.കുറച്ച നടക്കാനുണ്ട്.

സുദർശൻ തകില് വാദനം കഴിഞ്ഞെത്തി.

ഞങ്ങൾ അവനോടൊപ്പം നടന്നു.

ചെമ്മൺപാതയാണ്. പാതയുടെ വശങ്ങളിൽ മുൾച്ചെടികൾ.അതിനപ്പുറം തരിശായി കിടക്കുന്ന  കൃഷിയിടങ്ങളാണ്.

പതിനഞ്ചു മിനിട്ട് നടന്നു കാണും.വീടുകൾ കാണാൻ തുടങ്ങി.

സുദർശൻ ഗ്രാമമെത്തിയെന്ന് പറഞ്ഞു .അല്പം വേഗത്തിൽ നടന്നു.

അവന്റെ വീട്ടിൽ മുന്നറിയിപ്പുകൊടുക്കാനായിരിക്

തൊട്ടു തൊട്ടുള്ള ചെറിയ വീടുകളാണ്.അഗ്രഹാരം പോലെ തോന്നിക്കുന്നു.

വീടിന്റെ അകത്തുനിന്ന് രണ്ടു സ്ത്രീകളും ഒരു ചെറിയ പെൺകുട്ടിയും സുദർശനൊപ്പം

പുറത്തേക്കു വന്നു. അയൽ വീട്ടുകാർ ഞങ്ങളെ നോക്കുന്നു.

ഞങ്ങളെ കോലായയിലേക്ക് ക്ഷണിച്ചു. കോലായയുടെ ചുമരിൽ ഫ്രെയിം ചെയ്തു തൂക്കിയ മൂന്നാല് ഫോട്ടോകൾ .അതിലൊന്ന് നാഗസ്വരം വായിക്കുന്ന ഒരാളുടെ പഴയ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം.

സുദർശൻ അവന്റെ അമ്മ, അമ്മായി, അനിയത്തി എന്നിവരെ പരിചയപ്പെടുത്തി.

നിങ്ങൾ ഊണുകഴിച്ചോ എന്ന് അമ്മ ചോദിച്ചു. മകന്റെ കൂടെ വന്ന ഞങ്ങളെ അതിഥികളായി സ്വീകരിച്ചു കൊണ്ടുള്ള ചോദ്യമാണ്. ഉച്ചയൂണിന്റെ സമയമാണല്ലോ അതെന്ന് ആലോചിക്കുന്നത് അപ്പോഴാണ് .

ആ പാവങ്ങളുടെ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കുന്നതെങ്ങനെ?ഊണിന്റെ നേരത്ത് അപ്രതീക്ഷിതമായി കേറി വന്നവരല്ലേ ഞങ്ങൾ!

പക്ഷേ വീട്ടുകാർക്കൊപ്പം സുദർശൻ ഊണിന് നിർബന്ധിക്കുകയാണ്. പക്വമതിയായ ഒരു കാരണവരെപ്പോലെ .

ആ നിഷ്കളങ്ക സ്നേഹത്തിന് കീഴടങ്ങി ഞങ്ങൾ ഇരുന്നു. സുദർശന്റെ അമ്മ വിരിച്ച പായയിൽ തറയിലുള്ള ആ ഇരുത്തത്തിന് ലാളിത്യത്തിന്റെ സുഖമുണ്ടായിരുന്നു.

അമ്മയും അമ്മായിയും അടുക്കളയിൽ തിരക്കിലായി. സുദർശൻ അനിയത്തിയെ വിളിച്ച് ഞങ്ങൾക്ക് പരിചയപ്പെടുത്തി.മൂന്നാം ക്ലാസിൽ പഠിക്കുന്ന സുജാത!

അവൾ സംഗീതം പഠിക്കുന്നുണ്ട്. ഞങ്ങൾ നിർബന്ധിച്ചപ്പോൾ അല്പം നാണത്തോടെയാണെങ്കിലും  അവൾ ഒരു കീർത്തനം ആലപിച്ചു.

സുദർശന്റെ അമ്മ വാഴയിലയിൽ ഭക്ഷണം വിളമ്പി. ആദ്യം രസവട. പിന്നെ ചോറ്, സാമ്പാർ, ഉപ്പേരി, അച്ചാർ ..

അവർ അടുത്തിരുന്ന് സ്നേഹത്തോടെ ഊട്ടുന്നു.

അത്ഭുതത്തോടെ ആലോചിക്കുകയായിരുന്നു. ഒരു പരിചയവുമില്ലാത്ത അന്യദേശക്കാരായ ഞങ്ങൾക്ക് വീട്ടിനകത്തിരുത്തി ഊണ് വിളമ്പിത്തരുന്ന ഈ നിഷ്കളങ്ക മനുഷ്യർ.

ഇതിനെങ്ങിനെ കടം വീട്ടും?

ഊണ് കഴിഞ്ഞു .ഇനി അധികനേരം ചെലവഴിക്കാനില്ല. ഒരു മണിക്കൂറിനകം കോവിലിനടുത്തു നിന്ന് ചിദംബരത്തേക്കുള്ള ബസ് പിടിക്കണം .

ഞങ്ങൾ ആ കുടുംബത്തോടൊപ്പം ഒരു ഫോട്ടോ എടുത്തു.

സുദർശന്റെ അച്ഛനെക്കുറിച്ച് ഒന്നും ചോദിച്ചില്ല .യാത്ര പറഞ്ഞ് ഇറങ്ങാൻ നേരം ചോദിച്ചു.

അമ്മ ചുവരിൽ തൂക്കിയിട്ടി നാഗസ്വരക്കാരന്റെ പടത്തിലേക്ക് നോക്കിപ്പറഞ്ഞു.

ഇവരുടെ അപ്പനാ ... പേര് കേട്ട നാഗസ്വരക്കാരൻ .സുജാത ചെറിയ കുട്ടിയാകുമ്പോ കച്ചേരിക്ക് പോയതാ .. കേരളത്തിലേക്ക് .. പിന്നെ വന്നില്ലാ ..

ഒരിക്കൽ കൂടി ആ ഫോട്ടോ നോക്കി ..

സുദർശൻ ഞങ്ങൾക്കൊപ്പം കോവിൽ വരെ യാത്ര യാക്കാനായി പോന്നു .

ബസ് സ്റ്റോപ്പിൽ നിൽക്കുമ്പോൾ അവന് കാശെന്തെങ്കിലും കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. പക്ഷേ അവൻ വാങ്ങാൻ കൂട്ടാക്കിയില്ല.

എന്തെങ്കിലും വാങ്ങിയേ പറ്റൂ എന്ന് ഞങ്ങൾ നിർബന്ധിച്ചു.

കാശ് വേണ്ട എനിക്ക് ഒരു പേന തന്നാൽ മതിയെന്ന് സുദർശൻ പറഞ്ഞത് കേട്ടപ്പോൾ അതിശയം തോന്നി. സുൽഫി അവന്റെ പേന സുദർശന് നൽകി. അവൻ ആ പേന കൊണ്ട് ഒരു കടലാസ് തുണ്ടിൽ മേൽവിലാസം എഴുതി തന്നു. പേന എടുത്തു കൊള്ളാൻ അവനോട് പറഞ്ഞു. ഞാനെടുത്ത ഫോട്ടോകൾ അയച്ചുകൊടുക്കാനാണ് വിലാസം.

അവന്റെ അച്ഛനെക്കുറിച്ച് ഞങ്ങൾ അന്വേഷിക്കാം എന്ന് ഉപചാര വാക്കായി പറയണമോ എന്നെനിക്ക് തോന്നി.

അപ്പോഴേക്കും ചിദംബരത്തേക്കുള്ള ബസ്സ് വന്നു.

# എന്റെ കാലാലയം



**മോളി ടീച്ചർ**



എന്റെ കലാലയം മനോഹരമായ ഒരു ഉദ്യാനം അതെ എസ്. എച്ച്.എം.ജി.വി.എച്ച്.എസ്.എസ്. നീണ്ട 19 വർഷങ്ങൾ പിന്നിടുമ്പോൾ ഈ കലാലയം ഈ നാടും എന്റെ ജീവിതത്തിന്റെ ഭാഗമായി മാറികഴിഞ്ഞു. ഇത് വർണ്ണശബളമായ ഒരു ഉദ്യാനം തന്നെയാണ്. ധാരാളം പൂക്കളും അതിനിടയിലൂടെ പാറിനടക്കുന്ന പൂമ്പാറ്റകളും. ഒക്കെ എത്ര മനോഹരം. എത്ര സ്നേഹമുള്ള കുട്ടികൾ? ഓരോ വർഷവും കണ്ണ്നീരോടുകൂടി വിടപറഞ്ഞയക്കേണ്ടി വരുന്ന ഒരു കൂട്ടം വിദ്യാർത്ഥികൾ. ഇലകൾ കൊഴിയുന്നതു പോലെ. അതെ, അതിനുശേഷം ഇലകൾ തളിരിടുന്നതുപോലെ അടുത്ത കൂട്ടം കുട്ടികൾ സ്കൂളിലേക്കെത്തിക്കഴിഞ്ഞു. സ്വന്തം വിഷമങ്ങളും പ്രശ്നങ്ങളും ഉള്ളിലൊതുക്കി ക്ലാസ്സുറികളിൽ ഇരുന്ന് ചിരിക്കുന്ന ബാല്യങ്ങൾ. അതെ നാളെയുടെ പടവൃക്ഷങ്ങൾ. ഇവരെ നാന്നായി വാർത്തെടുക്കുവാൻ പറ്റിയാൽ നന്നായി. ഉത്തരവാദിത്വവും ചുമതലയുമുള്ള എത്ര കുട്ടികൾ. ചിരിച്ചും കളിച്ചും പാറി നടക്കുന്ന പൂമ്പാറ്റക്കുഞ്ഞുങ്ങൾ.

ഈ ഉദ്യാനം നട്ടുനനച്ചവർ കുറെ പേർ. അവർ മൺ മറഞ്ഞു. പകരക്കാർ ഞങ്ങൾ നടുന്നു, നനയ്ക്കുന്നു. ഫലം കാത്തിരിക്കുന്നു. വളരട്ടെ തഴയ്ക്കട്ടെ ഈ ഉദ്യാനം. ഒരിക്കലും വാടാതെ നിലക്കൊള്ളട്ടെ! ചരിത്രം സൃഷ്ടിക്കട്ടെ. ഇവിടെ എന്റെ മനസ്സിലും എന്നും മായാതെ മങ്ങാതെ..........

# എൻ കേരളം

ശോഭിക റാണി.പി
10-G




നാമൊന്ന്,നമുക്കൊന്ന്,നമ്മുടേതൊന്നെന്ന

മുദ്രവാക്യ മുയർത്തീടുക ജനതേ....

പുനരുദ്ധാരണം ചെയ്യുക എൻ കേരളത്തെ.

പുൽ നാമ്പുകൾ മുളക്കുമോ,പക്ഷികൾ പാടുമോ

"ഉയരുക ഉണരുക കേരള നാടെ"....

ഭാരതമെന്ന മഹാ രാജ്യത്തെൻ കേരളം ഇന്നൊരു

മാതൃകയായിടും സൽ പേരു വീഴുന്നു നമ്മുടെ

ജനതതൻ നന്മയും സഹവർത്തിത്വത്തിൻ ഒരുമയും....

എങ്കിലും നോക്കുവിൻ,താങ്ങുവിൻ

ജീവിതമിന്നൊരു സ്വർഗമാക്കീടുവാൻ....

ഇന്നു നാം കാണുന്ന കേരളമല്ലിന്നു

കാണുവാൻ കൊതിക്കുന്ന കേരളം.

അത്തരം നാടിനായ് കേഴുന്നൊരാനല്ല

നാടിന്റെ പൊന്നോമന പുത്രന്മാർ....

കെട്ടിപ്പടുക്കുന്ന എന്നു നാടിന്നെ,

കെട്ടഴിച്ചീടുക സ്നേഹ സാഹോദര്യം....

# നിളയുടെ തീരത്ത്

ഫർഹ ഫാത്തിമ.എം

VI B



നിള ഭംഗിയായി കളകളമൊഴുകുന്നു. ചുഴികളും, കയങ്ങളും, കുത്തൊഴുക്കുകളും അങ്ങനെയങ്ങനെ ......

*ടാക്സി നിന്നു.സീമ പുറത്തേക്കു നോക്കി. നിളയെ വിട്ടുപോയിട്ട് 12 വർഷമാകുന്നു. അതിലുപരി താൻ ജനിച്ചതും, കളിച്ചുവളർന്നതുമായ മണ്ണ്. അച്ഛൻ അന്ത്യവിശ്രമം കൊള്ളുന്ന മണ്ണ്. സീമ എല്ലാം ഓർത്തുകൊണ്ടിരുന്നു. "മോളേ" പിന്നിൽ നിന്നൊരു വിളി. തനിക്ക് പരിചയമായ ശബ്ദം. താൻ കേട്ടു വളർന്ന ശബ്ദം.അതെ. അതു ശാരദ വല്ല്യമ്മ തന്നെ.അവൾ പിന്നിലേക്കു തിരിഞ്ഞു നോക്കി.പക്ഷേ, അവൾക്കറിയാം വല്ല്യമ്മ തന്നെ വിട്ടുപോയിട്ട് പതിനാറ് വർഷമായെന്ന്. ആ ഓർമ്മ പുതുക്കാൻ വല്ല്യമ്മ താമസിച്ചിരുന്ന പുത്തൂരം വീട്ടിലേക്ക് അവൾ നടന്നു. അവിടം ശൂന്യമായിരുന്നു. അവൾ വാതിൽ തുറന്ന് ഉള്ളിലേക്കു കയറി. അവിടെയതാ വല്ല്യമ്മ ഉപയോഗിച്ചിരുന്ന ചുക്ക് കാപ്പി കഷായം. അപ്പോഴേക്കും സീമയുടെ അമ്മ കല്ല്യാണി വന്നു. അവളെ വിളിച്ചു- "മോളേ നമുക്ക് പോകാം." പോകുന്നതിനുമുമ്പ് അവൾ തന്റെ വല്ല്യമ്മയുടെയും, അച്ഛന്റെയും ഓർമ്മക്കായി നിളയുടെ തീരത്ത് നിന്ന് ഒരു പിടി മണ്ണ് എടുത്തിട്ടാണ് അവൾ അവിടം വിട്ട് പോയത്. തന്റെ ഓർമ്മയാം ഓർമ്മയായ നിളയുടെ തീരത്തുനിന്നു*

# നമുക്ക് മുന്നേറാം.........

അപർണ.പി



വരൂ കൂട്ടുക്കാരേ

ഒന്നിച്ച നമ്മുക്ക് പോകാം

ഒന്നിച്ച നമ്മൾ പോയാൽ

ശ്രമിച്ചാൽ വിജയം നമ്മുക്ക്

നമ്മളെങ്ങോട്ടാ പോവുന്നേ?

നവ കേരളം സൃഷ്ടിക്കാൻ .

ഒറ്റകെട്ടായ് നിന്ന് നമുക്ക്

മുന്നേറാം മുന്നേറാം

നമുക്ക് മുന്നേറാം.................

പ്ലാസ്റ്റിക് മുഴവൻ നമുക്ക്

നിർമാർജനം ചെയ്യാം

കൃഷിക്ക് നമുക്ക് പ്രാധാന്യം

നൽകാം നൽകാം

നമുക്ക് നൽകാം............

*പ്ലാസ്റ്റിക് റോഡിൽ ഇട്ടാൽ*

ഫൈനകൾ വേണം

മലയുടെ ജീവനെടുത്ത

ബിൽഡിംഗ് നമുക്ക് വേണ്ട..........

പുതിയ ടെക്നൊളജി

ഉപയോഗിച്ചുള്ള വികസനം

മാത്രം മതി

ജാതി-മതം വർണ വിവേചനം

വേണ്ട വേണ്ട നമുക്ക് വേണ്ട........

നമ്മുടെ പച്ചപ്പിലേക്ക്

നമുക്ക് തിരിക്കാം...

ജാതി -മത സൗഹാർദം

നമുക്ക് വേണം വേണം

നമുക്ക് വേണം.............

വരൂ കൂട്ടുക്കാരേ

ഒന്നിച്ചു നമുക്ക് മുന്നേറാം

ഒന്നായി നമ്മുക്ക് സൃഷ്ടിക്കാം

നമ്മുടെ നവ കേരളത്തെ......................

# നവകേരളം

SHAHANASHERIN.T
10-G




ഇന്നേ വരെ കേരളം നേരിട്ടതിൽ വെച്ച് ഏറ്റവും പ്രയാസകരമായ ഒരു ദുരന്തമായിരുന്നു കുറച്ച് മുന്നെ വരെ കേരളാജനത അനുഭവിച്ച പ്രളയം ഇതിൽ നിന്നും തികച്ചും കേരളത്തെ കരകേറ്റൻ അനുവദിചത് കേരളാജനത എല്ലാവരും ഒരുമിച്ച് കൈകോർത്തത് തന്നെയാണ് ഇതിൽ എല്ലാവരും കേരളത്തെ സഹായിചത് കേരളത്തിന്റെ ഒരുമയും ഒത്തുചേർപ്പും കണ്ടിട്ടാണ് പ്രളയാനന്തര നവ കേരളത്തെ കേരളാജനത കൈപിടിച് ഉയർത്തികൊണ്ട് പ്രളയാനന്തര നവകേരളം സുന്ദരമാക്കിപ്രളയാനന്തര നവകേരളത്തിന് ഇന്ന് കേരളപ്പിറവി.

# MOM

NANDITHA JYOTHI




Mom is my life ohoo

Life is spend with mom

Mom is my world

(2)

My heart beat my mom ohoo

My shelter is mom

My freedom is my mom

(2)

My movements is my mom ohoo

My god is my mom

My energy is my mom

(2)

# സിംഹവും കുഞ്ഞുങ്ങളും

**നവശ്രീ.എം**

VI C



പണ്ട് പണ്ടൊരു കാട്ടിൽ സിംഹവും അതിന്റെ മൂന്നുകുട്ടികളും ഉണ്ടായിരുന്നു. ഒരു ദിവസം അവരുടെ അമ്മ സിംഹം ഭക്ഷണം തേടി പുറത്തുപോയപ്പോൾ ആ മൂന്നു സിംഹകുട്ടികൾ അടിപിടികൂടി.അതിൽ ഇളയവനായ സിംഹക്കുട്ടിക്ക് കാലിനും കൈയിനും മുറിവേറ്റു.കുറച്ചു കഴിഞ്ഞപ്പോഴേക്കും അമ്മ സിംഹം വന്നു.അമ്മ സിംഹം വരുന്ന ശബ്ദം കേട്ട് വഴക്ക് നിർത്തി അവിടെ നിലത്ത് ഇരുന്നു.പക്ഷേ സിംഹം വന്നപ്പോൾ ഒരു കരച്ചിൽ കേട്ടു.വേഗം ഗുഹയിൽ കയറി നോക്കിയപ്പോൾ തന്റെ കുഞ്ഞിന്റെ ദേഹത്തുനിന്നും രക്തം വാർന്നൊഴുകുന്നതു കണ്ടു.കുട്ടി സിംഹത്തിന്റെ മുറിവേറ്റ ഭാഗം കെട്ടികൊടുത്തു.എന്നിട്ട് അമ്മ സിംഹം ചോദിച്ചു.എങ്ങനെയാണ് മുറിവേറ്റതെന്ന് അമ്മ വെപ്രാളത്തോടെ ചോദിച്ചു.കുട്ടി സിംഹം പറഞ്ഞു.ഞങ്ങൾ വഴക്കുകൂടിയതാണ്.അതിനിടക്ക് ഞാൻ തെറിച്ചു കല്ലിൽ ചെന്നു വീണു.ഇതാണ് സംഭവം.അമ്മസിംഹം അവരെ മൂന്നു പേരെയും വഴക്കുപറഞ്ഞു.എങ്കിലും അമ്മസിംഹം നിറഞ്ഞ കണ്ണുകളോടെ അവരെ താലോലിച്ചു.അതിനു ശേഷം അവർ വഴക്ക് കൂടിയിട്ടില്ല.അവർ സന്തോഷത്തോടെ ജീവിച്ചു.

# രാക്കിളിയുടെ പാട്ടിൽ

അമില ജഫ്രിൻ.കെ

V A



ഏതോ ഒരു രാവിൽ

ഒരു രാക്കിളിയുടെ

പാട്ടിൽ ഞാനുണർന്നു....

കുളിർമ നൽകുന്ന

ആ പാട്ടിന്റെ മാധുര്യം

എത്രയാ...

ജാലകം തുറന്ന് ഞാൻ

പുറത്തേക്ക് നോക്കി

കാണാതെ കേൾക്കുന്ന

മധുര ഗാനം

മധുര മധുരമായ് കേൾക്കുന്ന

ഗാനം എത്ര സുന്ദരമാ

രാക്കിളിയുടെ പാട്ടില-

ങ്ങിനെ ഞാനുറങ്ങിപ്പോയ്...

# നവ കേരള സൃഷ്ടിക്കായ്.........



അലതല്ലും തിരകൾ നിൻ

മധുരമാം അനുനാദത്തെ

അഗാധ ഗർത്തത്തിൽ ചീറ്റിയടിച്ചപ്പോ........

എന്തേ മനുജാ നീ മൗനിയായി

അന്നം മുടങ്ങുന്നോ

ഈ അന്യന്റെ തറവാട്ടിൽ-

പുതിയ ഉണർവിന്... പുതിയ ജീവിതത്തിന്...

പുതിയ ഓർമകൾക്ക് ഉണരട്ടെ ഒരു

പുതിയ ഉഷസ്സ്.......

# TUTU 'S  BRAVERY



In a forest there lived a parrot named "TUTU".He was very brave than his friends.One day a hunter camed to the forest.All animal were very scard.He made many traps for catching the animals.One dear was catched in the trap.For helping from the brave parrot (TUTU) came.He said to the Hunter you are very brave and beautiful person so the Hunter was very happy to hear the "TUTU" telling.That time TUTU'S Friends come and rescue the dear from the trap dear ran away TUTU and his friends fly to there home.

# കുഞ്ഞിപ്പൂച്ച

സ്നേഹ.പി.എസ്
VII B



എനിക്കുണ്ടൊരു പൂച്ച

ചന്തമുള്ളൊരു പൂച്ച

ഞാൻ വരും വരെ കാത്തിരിക്കും

എന്നുടെ സ്വന്തം പൂച്ച

കഴുത്തിൽ ഞാൻ മണികെട്ടി

നെറ്റിയിൽ ഞാൻ കുറിതൊട്ടു...

ദേഹത്തുടെ ചാടി മറിയും

എന്നുടെ സ്വന്തം പൂച്ച

ഞാൻ കിടക്കും വരെ കാത്തിരിക്കും

ഞാൻ കിടന്നാൽ കൂടെ കിടക്കും

മ്യാവൂ.... മ്യാവൂ.... എന്നുപറയും

എന്നുടെ സ്വന്തം പൂച്ച...

# പൂച്ചയും എലിയും

**നന്ദിത ജ്യോതി.കെ**



മുത്തശ്ശി മാവിന്റെ ഉയരമുള്ള ഒരു വീടായിരുന്നു അത്.അവിടെ ഒരു മുത്തശ്ശിയും മുത്തശ്ശിയുടെ കുട്ടിന് പൂച്ചയും ഉണ്ടായിരുന്നു.ആ വീടിന്റെ തട്ടിൻപ്പുറത്ത് പൂച്ചയുടെ കുട്ടിന് എലിയും അതിന്റെ കുടുംബവും താമസിച്ചു.എന്നാൽ അവർക്കു വേണ്ട സൗകര്യം അവിടെ ഇല്ലായിരുന്നു.അതിന്റെ കാരണത്താൽ അവർ വീടുവിട്ടു പോകാൻ തീരുമാനിച്ചു.അതു കേട്ട പൂച്ചക്ക് അത് ഇഷ്ടമായില്ല.പൂച്ച ചെന്ന് എലിയോടു ചോദിച്ചു :നീ എന്തുകൊണ്ടാണ് പോകുന്നത്? എലി പറഞ്ഞു :എനിക്ക് ഇവിടെ നല്ല ഭക്ഷണം കിട്ടുന്നില്ല.അതുകൊണ്ടാണ് ഞാൻ പോകുന്നത്.അന്നേരം പൂച്ച, എലി തന്നെ പൂച്ചപിടിത്തക്കാരിൽ നിന്നും രക്ഷിച്ച കാര്യം ഓർത്തു.അപ്പോൾ അവൻ പറഞ്ഞു:സുഹൃത്തേ, ഞാൻ നിനക്ക് എന്റെ ഭക്ഷണത്തിൽ നിന്നും ഒരു പങ്ക് മാറ്റിവച്ചുതരാം.അങ്ങനെ എന്നും എലികൾ വന്ന് ഭക്ഷണം കഴിക്കും.ഒരു ദിവസംഎലിക്ക് തന്റെ പൂച്ച സന്തോഷത്തോടെ ഭക്ഷണം കൊടുക്കുന്നത് മുത്തശ്ശി കണ്ടു.എന്നിട്ട് എലികളുടെ മുന്നിൽവെച്ച് മുത്തശ്ശി അവനെ ശകാരിച്ചു.ഇതു കണ്ട എലികൾ പറഞ്ഞു:മുത്തശ്ശി, അവനെ ഞങ്ങൾ സഹായിച്ചപ്പോൾ അവൻ ഞങ്ങളെ തിരിച്ചു സഹായിച്ചതാണ്. ഇതുകേട്ട മുത്തശ്ശിക്ക് തന്റെ പൂച്ചയിൽ ഇഷ്ടം തോന്നി.

# Tom at his Garden

**Shana Mehar**

VI C

Daddy : Have you wantered those plants over there?



Tom : No. I 'll water them after placing them in the shade.

Daddy : Ok. What's that in that new pot?

Tom : That's a new variety cactus. I got it from Boban last day

Daddy : Look Tom, dahlia has stunded growth. See if there is any attack or worms

Good any how keep it away

Tom : Daddy lets buy a pair of sheers. This hedge is badly in need of praning

Daddy : By all means. Lets by it tomorrow it self. Please remind me to by a rake some hose too

Tom : Surely

Daddy : When I go to market tomorrow, You too come with me. By the way what time does the new bus to the town leave from her?

Tom : Its quarter past nine

Daddy : Well, lets go by that bus

Tom : Ok dady.

# താരങ്ങൾ

സ്നേഹ.പി.എസ്
VII B



മിന്നും പൊന്ന താരങ്ങൾ
തിളങ്ങി നിൽക്കും താരങ്ങൾ
സന്തോഷം വന്നാൽ മിന്നിതിളങ്ങും
സങ്കടം വന്നാൽ മങ്ങിപ്പോകും

ആകാശത്ത് പൂത്തുനിൽക്കും
ആയിരമായിരം താരങ്ങൾ
അമ്പിളിമാമന്റെ കൂടെ കളിക്കും
മിന്നും പൊന്ന താരങ്ങൾ

മിന്നി തിളങ്ങും കുപ്പായമിട്ട്
ചിരിച്ച കാണിക്കും താരങ്ങൾ
ആയിരമായിരം കടങ്കഥകൾ പറയും
മിന്നും പൊന്ന താരങ്ങൾ

# രാപ്പാടിയെ രക്ഷിച്ച തേന്മാവിന് രാപ്പാടിയുടെ രക്ഷ

അമില ജഫ്രിൻ.കെ

V A



ഒരു തേന്മാവിലായിരുന്നു രാപ്പാടിയുടെ താമസം.രാപ്പാടി രാവിൽ പാടുമ്പോൾ തേന്മാവ് ആ പാട്ട് കേട്ട് ഉറങ്ങും.ഒരു പൗർണമി നാളിൽ രാപ്പാടി അഞ്ച് മുട്ടകളിട്ടു.എന്തോ ഭാഗ്യം രാപ്പാടി മുട്ടകൾക്ക് കാവലിരുന്ന ദിവസം മുതൽ തേന്മാമ്പഴങ്ങൾ പഴുക്കാൻ തുടങ്ങി. തേന്മാമ്പഴക്കാലം രാപ്പാടി തീറ്റതേടി പോകാറേയില്ല.തേന്മാമ്പഴം ഉള്ളതിനാൽ രാപ്പാടി മുട്ടകളുടെ കൂടെ നിൽക്കാൻ തീരുമാനിച്ചു.അടുത്ത പൗർണമി നാളിൽ മുട്ടകൾ വിരിഞ്ഞു.അതിമനോഹരമായ അഞ്ച് കുഞ്ഞുപൈതങ്ങൾ.രാവിൽ രാപ്പാടിയും തേന്മാവും ഒരുമിച്ച് പാടി കുഞ്ഞുങ്ങളെ ഉറക്കും.അങ്ങനെയിരിക്കെ ഒരിക്കൽ രാപ്പാടി പറഞ്ഞു:"മാമ്പഴക്കാലം കഴിയാറായി. ഇനി ഞാൻ ഭക്ഷണം തേടി പോകട്ടെ.” രാപ്പാടി തീറ്റതേടി പോകുമ്പോൾ കുഞ്ഞുങ്ങളെ തേന്മാവ് നോക്കി.കുഞ്ഞുങ്ങൾക്ക് തേന്മാവിനെ വളരെയധികം ഇഷ്ടപ്പെട്ടു.ആ കാട്ടിൽ ഒരേയൊരു തേന്മാവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.ഒരു ദിവസം കുറേ തേനീച്ചകൾ രാപ്പാടിയുടെ കൂടിന്റെ മുകളിൽ വന്ന് കൂടു കൂട്ടി.അവർ മാമ്പഴക്കാലത്ത് മാമ്പഴങ്ങളെല്ലാം കേടു വരുത്തും.തേന്മാവിനും രാപ്പാടിക്കും കുഞ്ഞുങ്ങൾക്കും തേനീച്ചകൾ വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കി.രാപ്പാടിയോട് കുഞ്ഞുങ്ങൾ പറയും നമ്മൾക്ക് വീടുമാറാമെന്ന്.പക്ഷേ രാപ്പാടിക്ക് തേന്മാവിനെ വിട്ടുപോകാൻ തീരെ താൽപര്യമില്ലായിരുന്നു.ഒരു ദിവസം അവർ തപസ്സിരുന്ന് വനദേവതയെ പ്രത്യക്ഷപ്പെടുത്തി.തന്റെ എല്ലാ സങ്കടങ്ങളും അവർ ദേവതയോടു പറഞ്ഞു.അങ്ങനെ ആ ദേവത തേനീച്ച കൂട്ടത്തെ നാടുകടത്തി.രാപ്പാടിയും കുഞ്ഞുങ്ങളും തേന്മാവും ദേവതയോട് നന്ദി പറഞ്ഞ്, ദേവതയ്ക്ക് കുറച്ച് തേന്മാമ്പഴങ്ങൾ നൽകി.അങ്ങനെ ദേവത അപ്രതക്ഷ്യമായി.എല്ലാവർക്കും വളരെയേറെ സന്തോഷമായി.ഒരു പുലരിയിൽ രാപ്പാടി തീറ്റതേടി പോയപ്പോൾ നാട്ടുമനുഷ്യർ കാടിനു തീയിട്ടു.തേന്മാവിന് തീ പിടിച്ചു.കുഞ്ഞുങ്ങൾ

ആർത്തു കരയാൻ തുടങ്ങി.രാപ്പാടി  പറന്നെത്തി കുഞ്ഞുങ്ങളെ രക്ഷിച്ചു.പക്ഷേ തേന്മാവിനെ രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. അപ്പോൾ തേന്മാവ് ദുഃഖത്തോടെ പറഞ്ഞു: ഇനി നിങ്ങൾക്ക് തേന്മാവുമുണ്ടാവില്ല, തേന്മാമ്പഴവുമുണ്ടാവില്ല. അപ്പോൾ രാപ്പാടി പറഞ്ഞു: എന്റെ കൈയിൽ തേന്മാമ്പഴത്തിന്റെ കുറച്ച് വിത്തുകളുണ്ട്.കുറേ നാൾ മുൻപ് ഞാൻ സൂക്ഷിച്ച് വെച്ചതാണ്. ഇത് പറഞ്ഞ് രാപ്പാടിയും കുഞ്ഞുങ്ങളും വിത്തുകൾ നട്ടു.പല നാളുകളും കടന്നുപോയി.അങ്ങനെ ആ കാട് നിറയെ തേന്മാവുകളായി.അമ്മതേന്മാവ് തളിർക്കാൻ തുടങ്ങി.എല്ലാവരും സന്തോഷിച്ചു.

# അമ്പിളിമാമൻ

സ്നേഹ.പി.എസ്
VII B



പാലിൻ നിറമാ...അമ്മാവൻ

വട്ടപൊട്ടാണമ്മാവൻ

സൂര്യനുദിച്ചാൽ ഒളിച്ചിരിക്കും

രാത്രിയായാൽ കൂട്ടിനിരിക്കും...

മാമന്റെ കൂടെ കളിച്ചിരിക്കും

മിന്നും പൊന്ന താരങ്ങൾ

ജനലിൽ കൂടെ നോക്കിയിരുന്നാൽ

ചിരിച്ച കാണിക്കുമമ്മാവൻ.

നിലാവു നൽകും അമ്മാവൻ

പൊട്ടി ചിരിക്കും അമ്മാവൻ

കറുത്ത പക്ഷം വന്നാലോ...

ദൂരെ പോവും അമ്മാവൻ

വെളുത്ത പക്ഷം വന്നാലോ...

മിന്നി തിളങ്ങും അമ്മാവൻ.

# നിരാലംബനായ ആന

നീരജ കൃഷ്ണ.കെ

V A

പണ്ട് പണ്ട് പഞ്ചവൻ കാട്ടിൽ ഒരു ആന ഉണ്ടായിരുന്നു.ആ ആനയ്ക്ക് കൂട്ടുകാർ ആരും തന്നെ ഇല്ലായിരുന്നു.ആ കാട്ടിൽ തന്നെ ഒരു ക്രൂരനായ സിംഹമുണ്ടായിരുന്നു.ആ സിംഹമായിരുന്നു ആ കാട്ടിലെ രാജാവ്.മൃഗങ്ങൾക്കെല്ലാം അദ്ദേഹത്തെ വളരെ പേടിയായിരുന്നു.അങ്ങനെ ഒരു ദിവസം ആന കാട്ടിലൂടെ നടക്കുകയായിരുന്നു.ആ വഴി സിംഹവും വന്നു.സിംഹം ചോദിച്ചു: നീ എന്താടാ ഒറ്റക്ക് നടക്കുന്നത്? എനിക്ക് കൂട്ടുക്കാർ ഇല്ലെന്ന് ആനയും പറഞ്ഞു.സിംഹം പറഞ്ഞു:നീ മടിയനാണല്ലേ? അപ്പോൾ ആന പറഞ്ഞു:അയ്യോ രാജാവേ ഞാൻ മടിയനൊന്നുമല്ല.അങ്ങനെയെങ്കിൽ നീ അപ്പുറത്തെ മല ഇടിച്ച് വീഴ്ത്ത്.എന്നാൽ നിന്നെ ഞാൻ സമ്മതിക്കാം എന്ന് സിംഹം പറഞ്ഞു.ശരി എന്നു പറഞ്ഞ് ആന മലയിടിക്കാനായി പോയി.അവൻ മല ഇടിക്കാൻ തുടങ്ങി.സിംഹം അടുത്ത മലയിൽ കാഴ്ചകളെല്ലാം കണ്ടുനിൽക്കുകയായിരുന്നു.ആ വഴിയാണ് ഗരുഡൻ വരുന്നത്.ആനയെക്കൊണ്ട് സിംഹം പണിയെടുപ്പിക്കുന്നത് കണ്ട് ഗരുഡന് ദയ തോന്നി.അങ്ങനെ ഗരുഡൻ സിംഹത്തിന്റെ തലയിൽ ഒറ്റ കൊത്ത്.സിംഹം താഴെ വീണ് ചത്തു.അങ്ങനെ ആനയ്ക്ക് മനസ്സിലായി തനിക്ക് എല്ലാവരും ഉണ്ടെന്ന്. അങ്ങനെ എല്ലാ മൃഗങ്ങൾക്കും സന്തോഷമായി.ആനയും ഗരുഡനും കൂട്ടുകാരായി.



# കുരങ്ങച്ചൻ

സ്നേഹ.പി.എസ്
VII B



മരത്തിൽ കേറും കുരങ്ങച്ചൻ
മരത്തിൽ ചാടും കുരങ്ങച്ചൻ
ചില്ലകൾ തോറും ചാടിനടക്കും

നീണ്ടവാലും വിരിഞ്ഞ ചെവിയും
കുഞ്ഞിതലയുള്ള കുരങ്ങച്ചൻ
ബുദ്ധിയുള്ളൊരു കുരങ്ങച്ചൻ
സുന്ദര കുട്ടൻ കുരങ്ങച്ചൻ

മരത്തിൽ കേറും കുരങ്ങച്ചൻ
നമ്മുടെ സ്വന്തം കുരങ്ങച്ചൻ.

# Quotes:-

“Listen to silence

It has so much to say.”

“We need silence to able

To touch souls”

“Some times silence is a really

Good answer”

“Before you speak,

Let your words pass through three gets

It is true? It is necessary? It is kind?”

# A Farmer and his Sons

**Ayisha Hanan.V**
V C

Once there was a farmer in a village.He had four sons.They always used to quarrel with one another.The farmer was very worried about this.One day he fell seriously ill.He was at death bed.But before dying,he wanted to teach his sons a lesson.He called them to his bed and asked them to bring a bundle of sticks.Then he asked them to break that bundle into pieces.Everyone tried,but none of them could break it.After that he asked them to untie the bundle.He gave one stick to each and asked them to break it.They broke it very easily.The old farmer told them,If you live together in peace,none will harm you.But if you are divided.You will lose “the sons learned a lesson and stopped to quarrel among theme selves.

# പ്രളയം

നൂപുര.പി
VI B



മുരടിച്ചു പോകുന്നെൻ ബാല്യകാലം
നിൻമണി ഗീതത്തിൽ മുഴങ്ങി ഞാനും
രാത്രിയും പകലും
ഞാനോടിപ്പാഞ്ഞെത്തുന്ന
മഴവെള്ളപ്പാച്ചിലിൽ ഞാനും മുങ്ങി.
പ്രളയാരംഗത്തിൽ കുടുങ്ങി ഞാനും അത്
രാത്രിയും പകലുമായി ഓടിയോടി....
ജനങ്ങൾ ഇങ്ങനെ പായുന്നതെന്തിന്
എന്നൊരു ചോദ്യം ഞാൻ ബാക്കിവച്ചു.
എന്തിനു നീയത് ബാക്കിയാക്കി...
കുഞ്ഞുപെങ്ങളുടെ ജീവിതരീതിയിൽ
എന്തിനു നീയത് ബാക്കിവച്ചു

# ഇനി എന്നാണ് ഇങ്ങോട്ട് ?



എല്ലാദിവസവും വളരെ മടിപിടിച്ചാണ് എഴുന്നേൽക്കാറ് പക്ഷേ ആ ദിവസം ഒരു മടിയുമില്ലാതെ നേരത്തെ ചാടിയേണിറ്റു. പെട്ടെന്നു തന്നെ ഒരുങ്ങി നിന്നു. ഇനി സ്കൂളിലേക്ക് എത്തണം. ഉപ്പയെ ചായ കുടിക്കാൻ പോലും അനുവദിക്കാതെ വലിച്ചു കൊണ്ടു പോയി വഴിയിൽ നിന്നെല്ലാം വേവലാതിയായിരുന്നു. ഉപ്പനോട് ബൈക്ക് വേഗത്തിൽ ഓടിക്കാൻ ഇടക്കിടെ പറഞ്ഞുകൊണ്ടിരുന്നു.സ്കൂളിൽ എത്തിയപ്പോഴാണ് സമാധാനമായത്. ഞങ്ങൾ 5:30 ന് യാത്ര ആരംഭിച്ചു. മരങ്ങളും കാടുകളും തിങ്ങിനിറഞ്ഞ താഴ്വരയുടെ നാട്ടിലേക്കാണ് യാത്ര. പച്ചനിറഞ്ഞ കേരളത്തിലെ വലിയ ജില്ലയായ പാലക്കാട്. അത് കാണാൻ മനസ്സിൽ കൊതി നിറഞ്ഞു. ഇരുട്ടായതു കൊണ്ട് ഒന്നും കാണാൻ സാധിക്കാത്തതിനാൽ ഡ്രൈവറോട് പാട് ഇടാൻ പറഞ്ഞു ആ പാട്ടുകളുടെ താളത്തോടൊപ്പം നൃത്തം ചെയ്തു.

സൂര്യൻ പൊങ്ങിയപോൾ ഞങ്ങൾ സീറ്റിലിരുന്നു. ഞാൻ ജനാലയിലൂടെ ഞാൻ കണ്ട കാഴ്ചകൾ എന്നെ വളരെയധികം വേദനിപ്പിച്ചു. ആളുകൾ എല്ലാവരും ഓരോ കാര്യത്തിന് വേണ്ടി അങ്ങോട്ടും ഇങ്ങോട്ടും നെട്ടോട്ടമോടുകയായിരുന്നു. ആർക്കും സമയമില്ല എല്ലാവർക്കും അവരവരുടെ കര്യം മാത്രമാണ് വലുത്. അവർക്കിടയിലൂടെ ഒരു നേരത്തെ ആഹാരത്തിന് കുറേ ആളുകൾ കൈനീട്ടി യചികുന്നവർ ! സത്യം പറഞ്ഞാൽ ആ കാഴ്ച്ച എന്നെ കരയിച്ചു. ഞാൻ എന്നോടു തന്നെ ചോദിച്ചു.“എവിടേക്കാണ് ഇവർ ഓടുന്നത് ?” അപ്പോഴേക്കും ഞങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. ആദ്യം ഞാൻ കണ്ട കാഴ്ച് മരത്തിൽ ഇലകൾക്കു പകരം തോരണങ്ങളെ പ്പോലെ തൂങ്ങി കിടക്കുന്ന വവ്വാലുക-ളെയാണ്. ഒരാൾ അവിടെ തേൻ വില്ക്കുന്നത് എന്റെ ശ്രദ്ധയിൽ പ്പെട്ടു ആ തേൻ ഒന്ന് നുണയാൻ എനിക്ക് തോന്നി ഞാൻ അയാളോട് ചോദിച്ചു ഇതിനെത്രയാണ് . അയാൾ നല്ല ഒരു വില പറഞ്ഞു പക്ഷേ അത്ര പൈസയൊന്നും എന്റെ കയ്യിൽ ഇല്ലായിരുന്നു. ഞങ്ങൾ എല്ലാവരും ഉണ്ടായിരുന്നു നി-രാശയോടെ ഞങ്ങൾ മടങ്ങുന്നത് കണ്ടിട്ടായിരിക്കാം ഞങ്ങളെ അയാൾ തിരിച്ച് വിളിച്ച് ആ തേൻ ഞങ്ങൾക്ക് വെറുതെ തന്നത്. അപ്പോൾ ഞാൻ മദ്രസ്സയിൽ ടീച്ചർ പറഞ്ഞ കാര്യം ഓർത്തു:

# നാടിന്റെ ഓർമ്മ

ജുമാന.പി

VI B



ഉയരമില്ലെങ്കിലും നാടിന്റെ ഓർമ്മകൾ

കുറിച്ചു ഞാൻ പുസ്തകത്തിൽ

കണ്ട കാഴ്ചകൾ

എഴുതി ഞാൻ പുസ്തകത്തിൽ

ഉയരമില്ല ഞാൻ

എങ്കിലും നാടിന്റെ തോപ്പില വാത്സല്യമായി

യുദ്ധങ്ങൾ മരണങ്ങൾ

നാടിന്റെ ദുരിതവുമായി.......

# കൈ കൊർത്ത് കേരളം




മാന്യസദസിൻ

വന്ദനം ,

ഞാൻ ഇന്ന പറയുന്നത് പ്രളയാന്തര കേരത്തേ കുറിച്ചാണ്.കേരളം ഇതുവരെ കാണാത്ത വലിയൊരു പ്രളയത്തെ നേരിട്ടുകഴിഞ്ഞു .എത്രയൊ വീടുകൾ , മലകൾ , റോടുകൾ , സ്കൂളുകൾ , പുഴകൾ ,കുന്നുകൾ നശിച്ച .ഇപൊൾ എതാണ്ട് നമ്മുടെ നാട് ശാന്തമയിട്ടുണ്ട് .അതിനു നമ്മളെ സഹായിചത് സാധാരണ ചെറുപ്പകരും , മൽത്സ്യതൊഴിലാളികളാണ് .രക്ഷാപ്രവർത്തകർ വളരെ കുറവായിരുന്നു .

ഇവരൊന്നും വിചാരിചില്ലായിരു എങ്കിൽ ,നമ്മൂടെ കേരളം ശരിയാവില്ലായിന്നു.ജാതി മത ബെതമന്യേ ഒരുമയൊടെ കൈത്താങ്ങാവുകയായിരുന്നു ഇവർ . എന്നെ ,പ്രളയം അതികം ബതിചിട്ടില്ല.എന്റെ അടുതുള്ള സ്ഥലത്ത് ഉരുൾ പൊട്ടലയും , മണ്ണീടിച്ചലായും ബാധിച്ചിട്ടുണ്ട് . എങ്കിൽ പൊലും ഒരോ വാർത്തയും നമ്മൂടെ മനസ് വളരെ അധികം വേധനിപ്പികുന്നു . നമ്മൾ എല്ലവരെയും ഒരുപൊലെ കാണണം .

അത് നമ്മൾ ശീലികേണം .അത് നമ്മൾ പടിചേ പറ്റൂ . സാധരണ മനുഷ്യർ പൊലും അങ്ങനെ കാണുന്നു . പിന്നേ , നമ്മൾക്ക് അങ്ങനെ കണ്ടാൽ എന്താ? ഒരുമയൊടെ പെരുമാറു , അപകടത്തിൽ പെട്ടവർക്ക് കൈതാങ്ങാവു . എല്ലാവരും ഞാൻ പറഞ്ഞത് ജീവിതത്തിൽ പകർത്തുക ,

കരുണ നിറഞ്ഞവരാകുക.

*നന്ദി,*

*നമസ്കാരം*

# മഞ്ഞയുടുപ്പ്

സ്നേഹ.പി.എസ്



എനിക്കുണ്ട് മഞ്ഞയുടുപ്പ്
എനിക്കുണ്ട് പൂവുള്ള ഉടുപ്പ്
അച്ഛൻ വാങ്ങിതന്നല്ലോ....
അമ്മ വാങ്ങിതന്നല്ലോ....

വളയും വാങ്ങി മാലയും വാങ്ങി
ഉടുപ്പിനൊപ്പം പൊട്ടും വാങ്ങി
പിറന്നൾ ദിവസം ഞാനിട്ടല്ലോ....
എൻറ്റ സ്വന്തം മഞ്ഞയുടുപ്പ്....

# അച്ഛനില്ലാതെ എൻ കേരളം

*സ്വാലിഹ് സി എസ്*



എൻ അച്ഛൻ ഒരു സർക്കാരുദ്യോഗസ്ഥ

നെന്നു ഞാൻ അഹങ്കരിപ്പൂ

പക്ഷെ അച്ഛനാ കൊള്ളപ്പണം

വാങ്ങി കൊള്ളപണക്കാരനായപ്പോൾ

ശാപങ്ങളോരോന്നായി വാങ്ങിയച്ഛൻ

ശാപത്തിൻ കുടിൽ പണിതപ്പോൾ

ശാപത്തിൻ നോട്ടുകൾ ഓരോന്നെരിഞ്ഞപ്പോൾ

ദരിദ്രനായച്ഛൻ പാടിടുന്നു.

"പാപങ്ങളോരോന്നു ചെയ്തുക്കൂട്ടിയപ്പോൾ ശാപത്തിൻ

കടലിൽ ഞാൻ മുങ്ങിത്താഴ്ന്ന"

പാടിപ്പാടി അച്ഛൻ ഭ്രാന്തനായിതീരുന്നതോ ഞാനറിഞ്ഞു.

അങ്ങനെ ഒരുന്നാളച്ഛൻ

ഇരുമുഴം കയറിന്റെ അറ്റത്തു

തൂങ്ങി കിടക്കുന്നതാ........

അറ്റത്തു തൂങ്ങി കിടക്കുന്നിതാ.....

അച്ഛനില്ലാത്ത വീടായിത്തീർന്നെന്റെ

പ്രളയാനന്തര കേരളം.

നാം ചെയ്ത പാപങ്ങൾ

ശാപങ്ങളാകുമ്പോൾ ഓർക്കണം

നാം പാപങ്ങൾ നികത്തുവാൻ.

# ചിറകു വിടർത്തിയ സ്വപ്നങ്ങൾ

സ്നേഹ പി.എസ്



ചിറകു വിടർത്തിയ പൂമ്പാറ്റേ...

നിന്റെയടുത്തേക്ക് വരികയില്ലേ...

സ്വപ്നം കാണിച്ചു തരുവാൻ നീ...

പുള്ളിയുടുപ്പിട്ട് വരികയില്ലേ...

എങ്ങോട്ടാ നീ

പാറുന്നേ...

എങ്ങോട്ടാ നീ പോകുന്നേ...(2)

എന്നെ കൂട്ടി പോകാമോ...

നിന്നുടെ കുഞ്ഞി വീട്ടിലേക്ക്..

എന്റെ കൂടെ വരുമോ നീ...

എന്റെ കൂടെ വന്നാല്...

പൂവു തരാലോ തേനു തരാലോ...

വാ...വാ...കുഞ്ഞിപ്പൂമ്പാറ്റേ...

പുള്ളിയുടുപ്പിട്ട് വാ..വാ..നീ

# എജ്യൂക്കേഷനൽ പോർട്ടലുകളുടെ കാലം



ഇൻറർനെറ്റ് യുഗത്തിൽ വമ്പൻ യൂനിവേഴ്സിറ്റികളിൽ ലക്ഷങ്ങൾ മുടക്കി അപ്രാപ്യമായ ഡിഗ്രികൾ എടുക്കാൻ കിനാവ് കാണുന്നത് മണ്ടത്തമാണ്.കാരണം,ഇപ്പോൾ ധാരാളം എജ്യൂക്കേഷൽ പോർട്ടലുകൾ സൗജന്യവും തീരെ കുറഞ്ഞ ഫീസ് നിരക്കിലും ലഭ്യമാണ്. വിഡിയോ ക്ലാസുകളും പോഡ്കാസ്റ്റുകളും ഓൺലൈൻ ടെസ്റ്റുകളുമടങ്ങുന്ന മനോഹരമായ ഇൻറർഫേസോടുകൂടിയ എജ്യൂക്കേഷനൽ പോർട്ടലുകൾ .ജോലി ചെയ്തു കൊണ്ടിരിക്കുന്നവർക്കും വീട്ടിലിരുന്നും ഇഷ്ടമുള്ള സമയത്ത് പഠിക്കാനാവുന്നു എന്നതാണ് ഇവയുടെ ഏറ്റവും വലിയ പ്രത്യേകത.

# പുതുജന്മം

മരണമേ.....

അറിഞ്ഞു നിന്നെയീ കേരളം

ഇതു കേരളത്തിൻ പുതു

ജന്മം, അനുഭവിച്ചേറെ

അഹങ്കരിച്ചതിനൊക്കെയും

പുഴയേത്...വീടേത്...

തോടേത്...റോഡേതെന്ന-

റിയാത്ത മട്ടിലായി പോയി

ഞാൻ കാലനായെത്തി

വെള്ളപ്പൊക്കവും,മണ്ണി-

ടിച്ചിലും കൊണ്ടുപോയി

എൻ ചില സഹോദരെ.

ഇനിയെന്തു വേണമെന്നാ-

ലോചിച്ചു ഞാൻ കിട്ടിയെനി-

ക്കൊരുത്തമ മാർഗ്ഗം.

ഹിന്ദുവോ... ,ക്രിസ്ത്യനോ....,

മുസൽമാനെന്നില്ലാതെ

പൊരുതാം നമ്മുക്കമ്മയ്-

ക്കു വേണ്ടി,പൊരുതാം

നമ്മുക്ക് ഭാവിക്കുവേണ്ടി

ചെയ്യാം ഇത്തിരി

കൈ സഹായം...

# SHMGVHSS EDAVANNA Brief History of School

Location of School:

District : Malappuram

Block: : Wandoor

Panchayath : Edavanna

L.P. Section started on 1908. UP Classes started on 1956. UP School is upgraded to HS on 1979. VHSE started on 1993 & Plus two 2004. Now the School is running in sessional system.

Details of Teachers & Students:-

| | Boys | Girls | Total |
|---|---|---|---|
| UP Section | 241 | 240 | 480 |
| HS Section | 507 | 441 | 948 |
| | 748 | 681 | 1429 |

# കേരളം

റസ്ന വി.പി

മനുഷ്യരേ വഎത്ര സുന്ദരമാം കേരളമിതാ

തകർന്ന് തരിപ്പണമായി കിടക്കുന്നു

ഭൂമിയെ പിളർക്കാൻ കാരണമാം

പേമാരി തന്നെ

ഭൂമിയെ പൊതിർത്തി പിളർത്തി

പോയ പേമാരി തന്നെ

എത്ര മനുഷ്യരാം മരിച്ചൊ-

ലിച്ചു പോയത്

പ്രളയാനന്തരം ബാക്കിയായ ത്രു

വരും തലമുറയ്ക്ക് വേണ്ടി കേരളത്തെ

പുനർനിർമ്മിക്കാ



# പ്രളയം കഴിഞ്ഞ വഴികൾ



നമ്മുടെ നാട് എങ്ങനെയായിരുന്നു എന്ന് നിങ്ങൾക്കറിയാമല്ലോ?ഒരു ഭ്രഗഭത്തിൽ നിന്ന് രക്ഷപ്പെട്ടു .നമ്മുടെ കേരളത്തിൽ ഇപ്പോൾ വലിയൊരു ദുരന്തം കഴിഞ്ഞതെയുള്ളൂ...ഇത് വരാൻ കാരണം നമ്മുടെ മനുഷ്യർ തനെയാണ് .വീടുകൾ എത്ര പേരുടെത് നഷ്ട്പ്പെട്ടു. ഇനി നമ്മുടെ കേരളത്തിന് ഇങ്ങനെ ഒരു അവസ്ഥ വരാതിരിക്കട്ടെ

നമ്മുടെ കേരളത്തിലെ ഓരോ മനുഷ്യരും പ്രകൃതിയെ ദ്രോഹിക്കുകയാണ് .കാരണം പ്ലാസ്റ്റിക്ക് ഉപകരണം കത്തിക്കുമ്പോൾ പ്രകൃതിക്ക് ദോഷം വരും .വാഹനങ്ങളുടെ പുക എന്നിവയല്ലാം കൂടി കൂടി വരുകയാണ് . ഇതിന്റെ ഉപയോഗ കുറച്ചാൽ തനെ പ്രകൃതിക്ക് ദോഷം വരില്ല .മനുഷ്യർക്ക് മുൻ കരുതൽ നൽകിയതാണ് പ്രളയം . "ഇനി ഓരോ ആളുകളും പ്രകൃതിയെ ദ്രോഹിക്കാതിരിക്കുക .”






KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
little
KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
LK / 2018 / 19021
ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
പറവണ്ണ
ഫോൺ: 0494 2630234